**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **22-01-2021 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങളെ ഏകവിളത്തോട്ട വിമുക്തമാക്കി സ്വാഭാവിക വനവൽക്കരണത്തിനുള്ള അനുമതിക്കായി സംസ്ഥാന സർക്കാർ ദേശീയ വന്യജീവി ബോർഡിനെ ഇതിനകം സമീപിക്കുകയുണ്ടായോ; | (എ) | വന്യജീവി സങ്കേതങ്ങളെ ഏകവിളത്തോട്ട വിമുക്തമാക്കി സ്വാഭാവിക വനവത്ക്കരണത്തിനുള്ള അനുമതിക്കായി, 10.05.2019 – ലെ സ.ഉ.(സാധാ)നം.168/2019/വനം സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ടിൻമേലുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി, സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ വിദഗ്ധ അഭിപ്രായത്തോടൊപ്പം, MoEF (Ministry of Environment, Forest & Climate Change) ന്റെ അംഗീകാരത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ആവശ്യമായ ഉത്തരവിനായി ബഹു. സുപ്രീം കോടതിയെ സമീപിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് - ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിലവിലെ വന്യജീവി സംരക്ഷണ നിയമത്തിലും മറ്റു ബന്ധപ്പെട്ട നിയമങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ ശിപാർശയോടുകൂടി ദേശീയ വന്യജീവി ബോർഡിന്റെ അനുവാദം ഇക്കാര്യത്തിൽ തേടേണ്ടതുണ്ട്. |
| (ബി) | വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾ മുറിച്ച് മാറ്റുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | കമ്മിറ്റിയുടെ റിപ്പോർട്ട് 13.05.2020 - ൽ ലഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ അംഗങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ലഭിച്ചാൽ വന്യജീവി സങ്കേതങ്ങളിലെ തേക്ക് മുറിച്ച് | (സി) | സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും നിലവിലുള്ള |

| | | | |
|---|---|---|---|
| | മാറ്റുന്നതിനും പകരം സ്വാഭാവിക വനവൽക്കരണം നടത്തുന്നതിനും വഴി ഒരുങ്ങുമോ; വിശദാംശങ്ങൾ നൽകുമോ? | | പ്ലാന്റേഷനുകളിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ വന്യമൃഗങ്ങൾക്കോ പ്രകൃതിയ്ക്കോ ഗുണം ചെയ്യുന്നവയല്ല. ആയതിനാൽ ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ലഭിച്ചാൽ ഓരോ വർഷവും ഒരു ചെറിയ ശതമാനം മരം വീതം മുറിച്ച് വിൽക്കാനും പകരം പ്രസ്തുത പ്രദേശങ്ങൾ സ്വാഭാവിക വനമായി മാറ്റുന്നതിനും ഈ പദ്ധതി മുഖേന സാധിക്കുന്നു. അപ്രകാരം ചെയ്താൽ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്താനും മൃഗങ്ങൾക്ക് കൂടുതൽ ഭക്ഷണം ലഭ്യമാക്കുന്നതിനും വൻതോതിലുള്ള തടി ഇറക്കുമതി കുറയ്ക്കാനും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ നേട്ടമുണ്ടാക്കാനും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | |
|---|---|---|
| **ചെയർമാൻ** | ശ്രീ. അൻജൻ കുമാർ, | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട്. |
| **മെമ്പർമാർ** | ഡോ. ഇ. കുഞ്ഞികൃഷ്ണൻ | റിട്ട. പ്രൊഫസർ, സുവോളജി, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം. |
| | ഡോ. പി. ബാലകൃഷ്ണൻ | വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, തൃശ്ശൂർ |
| | ഡോ. പി.ഒ.നമീർ | പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെള്ളാനിക്കര, തൃശ്ശൂർ. |
| | ശ്രീ. ജയിംസ് സക്കറിയ | റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്. |